**കവിത 11**

**<u>കുന്നിന്റെ ഉച്ചിയിൽ, കാറ്റിന്റെ തുഞ്ചത്ത്</u>**

പണ്ട് നമ്മളെല്ലാരും കൂടെ

ഒഴുക്കി വിട്ട ആ കളിവള്ളങ്ങൾ

കരിമ്പനക്കുന്നിൽ അടിഞ്ഞ്

അവിടം കടലാസ് കുന്നായിട്ടുണ്ടത്രേ

ഞാനിന്നലെ മൈന പറഞ്ഞാണ്

അറിഞ്ഞത്.

നിന്റെ വള്ളങ്ങളായിരുന്നല്ലോ

ഏറ്റോം ആദ്യം പാഞ്ഞു പോയത്

എന്റേതെപ്പോഴും നിന്നെ നോക്കിയാണ്

നിന്റെ വഴി പിടിച്ചാണ് വന്നിരുന്നത്

ഓടിയോടി നീ മറഞ്ഞ്

ചുണ്ട വളവ് തിരിഞ്ഞാൽപ്പിന്നെ

നിന്നെക്കാണാതെ

വഴി തെറ്റി ചിന്നി താന്ന് താന്ന്

തറക്കൽക്കുണ്ടിൽ ചളിയിൽ ചാടി

എന്റെ വള്ളം ചത്ത് പൊന്തും .

നീയില്ലാത്ത ആ ഞായറാഴ്ച്ച

ഞാനൊഴുക്കിയ

മഞ്ഞ കടലാസ്സുള്ള വള്ളം

എല്ലാർക്കും മുന്നേ ഒറ്റക്ക്

ഓടിക്കിതച്ച്

കരിമ്പനക്കുന്ന് തൊട്ടിരുന്നു.

അന്നും തലേന്നും

നിന്നെനോക്കിയിട്ടും

കാണാതെയാണ് ഞാൻ

ഒറ്റക്ക് വള്ളങ്ങളുണ്ടാക്കി പഠിച്ചത്

അന്നു മുതൽ

എന്റെ വള്ളങ്ങളും പാഞ്ഞിരുന്നു

കുന്നിൽ മുട്ടിയിരുന്നു.

താഴെ വേരിൽ തല തല്ലി

അടർന്നിരുന്നു

ആദ്യമെത്തിയിരുന്ന

നിന്റെ വള്ളങ്ങൾ കൊണ്ടാണ്

ഇപ്പോൾ

കടലാസ് കുന്നിന്റെ അടിത്തറ

നീയില്ലാതെ ഞാനൊഴുക്കിയ

മഞ്ഞയും പച്ചയും

കടലാസ്സ് വള്ളങ്ങൾ

കുന്നിന്റെ ഉച്ചിയും,

നമ്മുടെ രമണിയും കാർത്തൂവും

രാജൂവും സുബ്രുവും റാഫിയും

മീരയും ഒഴുക്കിയ വള്ളങ്ങൾ

പറ്റി ചേർന്നാണ് കുന്നീന്റെ

പള്ളയുണ്ടായത്.

ഞങ്ങളിന്നലെ ചങ്ങാടം കെട്ടി

കടലാസ് കുന്ന് കാണാൻ

പോയി വരുമ്പഴാണ്

നീയ്യൊഴുക്കിയ അവസാനത്തെ

വള്ളം

ചിറകൊടിഞ്ഞ് ചെങ്കൽ പാറയിൽ

 തൂങ്ങി നിക്കുന്നത് കണ്ടത്.

ഞാനത് കൂട്ടി പിടിച്ച്

നമ്മളിരിക്കാറുള്ള ആ

പൊന്തൻ മാടയിലെ

തുഞ്ചത്ത് വച്ചിട്ടുണ്ട്.

എനിക്കെന്റെ വീട്ടിലിരുന്ന്

തിരിഞ്ഞു നോക്കിയാൽ മാടയുടറ്റവും

നിന്റെ വള്ളത്തിന്റെ ചിറകും കാണാം.

ഞാനത് കണ്ണിൽ നിറച്ചാണ്

ഇന്നലെ രാത്രിയെ വിഴുങ്ങിത്തീർത്തത്.

നേരം വെളുക്കുമ്പൊ

വെളിച്ചം തൊട്ട് തിളങ്ങുന്ന

കടലാസ് കഷ്ണത്തിന്

നിന്റെ നിറവില്ലാത്ത

കണ്ണുകളുണ്ടായിരുന്നു.

കരിമ്പന കുന്നിലെ

കടലാസ് കുന്നിന്റെ

താഴെ പൊന്തൻമാടയും ചിതറി

കൂടിയിട്ടുണ്ടത്രേ.

ഇപ്പോഴെനിക്കറിയാം

നീയും എന്നെയൊളിച്ച്

കരിമ്പന കുന്നിലാകും

മറഞ്ഞിട്ടുണ്ടാവുക.

നിന്നെ തേടി ഓടിയെത്തുമ്പോൾ

ഒളിഞ്ഞിരിക്കാൻ

നിനക്കെളുപ്പം അതാണല്ലോ.

എന്നെ ഞാനൊളിക്കുമ്പോഴേയ്ക്കും

നിന്റെ കണ്ണുപൊത്തുന്ന

കാറ്റിനെ

ആരാണൊന്ന് ചങ്ങലക്കിടുക?

***– പ്രവീണ കെ***